# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/121/2018 2018 ജൂൺ 06

## പത്രക്കുറിപ്പ്

**ഇന്റേണൽ മാർക്കിൽ ഗുരുതര വീഴ്ച: രാജഗിരി കോളേജിനെതിരെ നടപടി**

കളമശ്ശേരി രാജഗിരി കോളേജിൽ 2015ൽ പ്രവേശനം നേടിയ ബി.എസ്.ഡബ്ല്യു. വിദ്യാർത്ഥികളുടെ പരീക്ഷാ നടത്തിപ്പിൽ ഇന്റേണൽ/എക്സ്റ്റേണൽ പരീക്ഷയുടെ അനുപാതം 40-60 എന്ന തോതിൽ നടത്തിയ സർവ്വകലാശാലാ റെഗുലേഷന് വിരുദ്ധമായതുകൊണ്ട് ഈ പരീക്ഷ റദ്ദാക്കുന്നതിനും പുനഃപരീക്ഷ നടത്തുവാൻ കോളേജിന് നിർദ്ദേശം നൽകുവാനും സർവ്വകലാശാലാ തലത്തിൽ നടപടികൾ പുരോഗമിക്കുന്നു. സിൻഡിക്കേറ്റ് തലത്തിൽ അന്വേഷണത്തിന് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉത്തരവിട്ടു. രാജഗിരി കോളേജിൽ നടത്തുന്ന മറ്റ് കോഴ്സുകളുടെ മാർക്ക് വിതരണവും അന്വേഷണവിധേയമാകും.

**സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം – പ്രവേശന പരീക്ഷ**

ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ് ലേണിംഗിൽ പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രാഥമിക പരീക്ഷാ പരിശീലനത്തിന് അപേക്ഷ നൽകിയവർക്കുള്ള പ്രവേശന പരീക്ഷ 2018 ജൂൺ 10 ന് രാവിലെ 10 മുതൽ 12 വരെ കോട്ടയം സിഎംഎസ് കോളജിൽ നടക്കും. അഡ്മിറ്റ് കാർഡുകൾ അപേക്ഷകരുടെ ഈമെയിൽ വിലാസത്തിലേക്ക് അയച്ചിട്ടുണ്ട്. വിശദവിവരങ്ങൾക്ക് ഫോൺ: 0481 -2731560, 2731724.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**